# മരക്കാന്റെ ദൈവം

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു,* ***D.Sc.,Ph.D.****)*

കറുത്തമ്മയുടെ ചുമപ്പൻ ബ്ലൗസിലെ
കീറൽ ഓർക്കുമ്പോൾ
ഇന്ന് ഷീലയെയല്ല കാണുന്നത് –
ആഴക്കടലിൽ വലയെറിഞ്ഞ
സാന്റിയാഗോ അമ്മാവനെ
വലിച്ചിഴയ്ക്കുന്ന
കൂറ്റൻ സ്രാവിന്റെ
അന്ത്യനിശ്വാസങ്ങളിൽ ഉഴറുന്ന
പരുക്കനായ പളനിയിലെ
സത്യനേശനെയാണ്.

അശുഭ സ്കലിതങ്ങളാൽ
നിരാശാകാമുകനായ
പരിക്കേറ്റ പരീക്കുട്ടിയുടെ
ഉറക്കമൊഴിച്ച കുറ്റിരോമങ്ങൾ
തടവുമ്പോൾ
ഇന്ന് മധുവിനെയല്ല കാണുന്നത് –
ചൂണ്ട കോർക്കാൻ വിസമ്മതിച്ച
ആഴങ്ങളിൽ ഊളയിട്ട
കടപ്പുറത്തെ കാമബാണത്തിൽ
തിരപ്പുറ സവാരി ചെയ്ത
തൊണ്ടയിൽ കൂരമ്പു കയറിയ
മത്സ്യഗന്ധ തീക്ഷ്ണതയാണ്.

എല്ലാം കഴിഞ്ഞ്
അടക്കണ്ണ് തുറക്കുമ്പോൾ
തുറിക്കണ്ണായ് അലട്ടുന്നത്
മുക്കുവത്തിയുടെ
പാതിവ്രത്യലംഘന–
ച്ചൂരിൻ ചൂടിൽ തപിച്ച്

ഏറെ രാത്രികൾ
കണ്ണീരൊഴുക്കിയ
തകഴിയെ തടവിയ
അദൃശ്യ ഹസ്തങ്ങളും!
***************************************

(തകഴി: 1912–1999)